പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 326 — 23.06.2014-ൽ മറുപടിക്ക്.

# മൈക്ക് ഉപയോഗിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കൃഷ്ണൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. ദാസൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുപരിപാടികൾക്ക് മൈക്ക് ഉപയോഗിക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | : (എ) പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) മൈക്ക് പെർമിഷനുള്ള ഫീസ് നിരക്കിൽ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | : (ബി) |

| ക്രമ നമ്പർ | ഇനം | പഴയ നിരക്ക് (രൂപ) | പുതിയ നിരക്ക് (രൂപ) | ശതമാനം |
|---|---|---|---|---|
| 1. | മൈക്ക് ലൈസൻസ് ഫീ (15 ദിവസം) | 55 | 300 | 445.45% |
| 2. | മൈക്ക് അനൗൺസ്മെന്റ് (15 ദിവസം) | 55 | 500 | 809.09% |
| 3.. | മൈക്ക് അനൗൺസ്മെന്റ് (സംസ്ഥാനമൊട്ടാകെ ഒരു വാഹനത്തിന് 15 ദിവസം) | 220 | 3000 | 1263.63% |

(സി) പൊതുപരിപാടികളെ കടുത്ത വ്യവസ്ഥകളും കൂടിയ ഫീസും ചുമത്തിക്കൊണ്ട് നിയന്ത്രിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശമെന്താണെന്ന് വെളിപ്പെടുത്തുമോ; ആരുടെ ശുപാർശയിന്മേലാണ് ഇത്തരമൊരു തീരുമാനം എടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് 8 വർഷത്തോളമായി പുതുക്കാതിരുന്ന വിവിധ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ